LIBRARY ARCHIVES Kerala Legislative Assembly

ജനകീയ ഹോട്ടലുകൾ

328 (5053) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ജനകീയ ഹോട്ടലുകളാണ് ആരംഭിച്ചതെന്ന് അറിയിക്കുമോ?

754 ജനകീയ ഹോട്ടലുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

(ബി) സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് ജനകീയ ഹോട്ടലുകൾക്ക് നൽകുന്നതെന്ന് അറിയിക്കുമോ?

സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും നൽകുന്ന പെർമിറ്റ് പ്രകാരം ഓരോ ഹോട്ടലിനും പരമാവധി 600 കിലോഗ്രാം പുഴുക്കലരി 10.90 രൂപ നിരക്കിൽ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽനിന്നും അനുവദിച്ചുവരുന്നുണ്ട്. ടി ജനകീയ ഹോട്ടലുകൾക്ക് ടൈഡ് ഓവർ വിഹിതത്തിലുൾപ്പെടുത്തി അരി നല്കുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് പെർമിറ്റ് 21-2-2021 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നല്കിയിട്ടുമുണ്ട്.

ഗ്യാസ് ഏജൻസി ഗോഡൗണുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ

329 (5054) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് ഏജൻസികളുടെ ഗോഡൗണുകൾ പ്രവർത്തിക്കുന്നത് നിർദ്ദിഷ്ട സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഓയിൽ കമ്പനികളാണ് ഗ്യാസ് ഏജൻസികൾക്ക് ലൈസൻസ് നൽകുന്നത്. ഓയിൽ കമ്പനി നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാമാനദണ്ഡ പ്രകാരമാണോ ഗ്യാസ് ഏജൻസികളുടെ ഗോഡൗണുകൾ പ്രവർത്തിക്കുന്നതെന്ന് ആറുമാസത്തിലൊരിക്കൽ ഓയിൽ കമ്പനി അധികൃതർ പരിശോധന നടത്തി ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ വകുപ്പിൽ നിന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പരിശോധന വേളയിൽ എക്സ്പ്ലോസീവ്/ മലിനീകരണ നിയന്ത്രണ ലൈസൻസ് എന്നിവ സൂക്ഷിക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്.

(ബി) ഗോഡൗണിലേക്ക് വരുന്ന ഗ്യാസ് സിലിണ്ടർ കയറ്റിയ ലോറികൾ റോഡിൽ/റസിഡൻഷ്യൽ ഏര്യകളിൽ നിർത്തിയിടുന്നത് കാരണമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാനാവശ്യമായ നിർദ്ദേശം നൽകുമോ?